

# നവോത്ഥാനം നവനാഗരികതയിൽ

ജോർജ് മൂലേച്ചാലിൽ



ആദ്യപതിപ്പിന്റെ

# അവതാരിക

പ്രൊഫ. ഡോ. എം.പി.മത്തായി

**ശ്രീ.** ജോർജ് മൂലേച്ചാലിലിന്റെ 'നവോത്ഥാനം നവനാഗരികതയിൽ' എന്ന ഈ ലേഖനസമാഹാരം അനുവാചകസമക്ഷം അവതരിപ്പിക്കാൻ എനിക്ക് അനല്പമായ സന്തോഷമുണ്ട്. ശ്രീ. ജോർജ് പ്രഖ്യാതനായ ചിന്തകനോ ഗ്രന്ഥകാരനോ അല്ല. പക്ഷേ, ഈ സമാഹാരത്തിലെ ലേഖനങ്ങൾ ഓരോന്നും വ്യക്തമാക്കുന്നതുപോലെ, സൂക്ഷ്മനിരീക്ഷണശേഷിയും വിശകലനപാടവവുമുള്ള ഒരു സാമൂഹികവിമർശകനാണ് ശ്രീ. ജോർജ്. കോട്ടയം ജില്ലയിലെ കാണക്കാരിയിൽ പ്രവർത്തിച്ചിരുന്ന വികാസ് ഇൻസ്റ്റിറ്റ്യൂട്ട് സാമൂഹികപ്രവർത്തകർക്ക് ശരിയായ ദിശാബോധം നൽകാനും, സാമൂഹികപ്രശ്നങ്ങളെപ്പറ്റിയുള്ള അവരുടെ ധാരണകൾക്ക് ആഴവും പരപ്പും നൽകാനുംവേണ്ടി സംഘടിപ്പിച്ചിരുന്ന പഠനശിബിരങ്ങളുടെ മുഖ്യസംഘാടകൻ എന്ന നിലയിലാണ് ഞാൻ അദ്ദേഹത്തെ പരിചയപ്പെട്ടത്. 1989 ഡിസംബറിൽ 'വിമോചന ദൈവശാസ്ത്രം – ഇന്നലെ, ഇന്ന്, നാളെ' എന്ന ശീർഷകത്തിൽ 'ഓറ' മാസികയിൽ ശ്രീ. ജോർജ് അവതരിപ്പിച്ച ചർച്ചാലേഖനം എന്റെ ശ്രദ്ധ പിടിച്ചുപറ്റിയ ഒരു പഠനമായിരുന്നു. അതിനോടുള്ള പ്രമുഖരുടെ പ്രതികരണങ്ങളും, പ്രസ്തുത പ്രതികരണങ്ങൾക്ക് ശ്രീ. ജോർജ് നൽകിയ മറുപടിയും വിലയിരുത്തിക്കൊണ്ട് ഒരു ലഘുപഠനം ഞാൻ എഴുതുകയുണ്ടായി. അന്നുമുതൽ ശ്രീ. ജോർജിന്റെ ബൗദ്ധികപ്രവർത്തനങ്ങൾ ഞാൻ സശ്രദ്ധം അനുധാവനം ചെയ്തുപോന്നിട്ടുണ്ട്. ഇപ്പോൾ, 'ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസി'ൽ പ്രവർത്തി

ക്കുന്ന അദ്ദേഹം തന്റെ ബൗദ്ധികസപര്യ തുടരുന്നു എന്നു കാണുന്ന തിൽ ഞാൻ സന്തോഷിക്കുന്നു.

സനാതന മാനവമൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു നവസമൂഹം സ്വപ്നം കാണുന്ന പരശ്ശതം സുമനസ്സുകളുടെ പ്രതിനിധിയും വക്താ വുമാണ് ശ്രീ. ജോർജ്. പക്ഷേ, വെറുമൊരു സ്വപ്നജീവിയല്ല അദ്ദേഹം. നിലവിലുള്ള സാമൂഹിക-രാഷ്ട്രീയ-സാമ്പത്തികഘടനകളിലും, മതസം ഘടനകളിലും കാണുന്ന മനുഷ്യത്വവിരുദ്ധവും ചൂഷണപരവുമായ എല്ലാ പ്രവണതകളെയും കൃത്യമായി കണ്ടെത്തുന്നതിനുള്ള ഗ്രഹണവൈ ദഗ്ധ്യം ഒരു സിദ്ധിയായി ശ്രീ. ജോർജിനുണ്ടെന്ന് ഈ സമാഹാരത്തിലെ ലേഖനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. നവകൊളോണിയലിസത്തിന്റെ അടി വേര് സംഘടിത ക്രിസ്തുമതത്തിലാണെന്നും, മതകൊളോണിയലിസം രാഷ്ട്രീയ കൊളോണിയലിസത്തിലേക്കുള്ള കുറുക്കുവഴിയാണെന്നു മുള്ള നിരീക്ഷണങ്ങൾ ശ്രദ്ധിക്കുക (“നവകൊളോണിയലിസത്തിന്റെ ‘ക്രിസ്ത്യൻ’ വേരുകൾ” എന്ന ലേഖനം).

ശ്രീ. ജോർജിന്റെ സാമൂഹികവിമർശനം തികച്ചും സന്തുലിതമാണ്. പക്ഷേ, നിഷ്പക്ഷമല്ല അത്. വളരെ വ്യക്തമായ പക്ഷപാതങ്ങളുണ്ട് ശ്രീ. ജോർജിന്; ഈ സമാഹാരത്തിലെ ലേഖനങ്ങൾ അതു വ്യക്തമാ ക്കിത്തരുന്നുമുണ്ട്. അദ്ദേഹത്തിന്റെ പ്രകടമായ ഒരു പക്ഷപാതം ധാർമ്മിക-ആദ്ധ്യാത്മികമൂല്യങ്ങളോടാണ്. ആധുനികലോകം ഭൗതിക തയെ ഒരു മതമാക്കി മാറ്റുകയും, പ്രസ്തുത ഭൗതികമതത്തെ മൗലിക വാദത്തിന്റെ തലത്തിലെത്തിക്കുകയും ചെയ്തു എന്ന് ശ്രീ. ജോർജ് വില യിരുത്തുന്നു. ആർത്തിയും മത്സരവും ലാഭേച്ഛയും ഉപഭോഗാസക്തിയും മറ്റുമാണ് ആധുനികതയുടെ മൂല്യങ്ങൾ. മനുഷ്യത്വവിരുദ്ധമായ ഈ നിഷേധാത്മകമൂല്യങ്ങളെ നിരാകരിച്ചുകൊണ്ട്, അവയുടെ സ്ഥാനത്ത് സ്നേഹം, കരുണ, പങ്കാളിത്തം, സഹകരണം, പാരസ്പര്യം, ബന്ധുത്വം എന്നിങ്ങനെയുള്ള മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു ജീവിതക്രമം രൂപ പ്പെടുത്തേണ്ടത് നമ്മുടെ അടിയന്തിര കർത്തവ്യമാണെന്ന് ശ്രീ. ജോർജ് ആവർത്തിച്ച് വ്യക്തമാക്കുന്നു.

രണ്ടാമത്തേത്, ശ്രീ. ജോർജിന്റെ കീഴാളപക്ഷപാതമാണ്. സമൂഹ ത്തിലെ അധഃസ്ഥിതരുടെയും ചൂഷിതരുടെയും പക്ഷത്താണ് ശ്രീ. ജോർജ് നിലയുറപ്പിക്കുന്നത് എന്ന് ഈ സമാഹാരത്തിലെ ഓരോ ലേഖ നവും സാക്ഷ്യപ്പെടുത്തുന്നു. ഇത് യഥാർത്ഥത്തിൽ, ഒരു ക്രൈസ്തവ പക്ഷപാതമാണ്. യേശുദേവൻ എന്നും പ്രാന്തവൽക്കരിക്കപ്പെട്ടവരുടെയും പരിത്യക്തരുടെയും വക്താവും അഭയസ്ഥാനവുമായിരുന്നല്ലോ. യേശു ദേവന്റെ ഈ നിലപാട് തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യു ന്നതുകൊണ്ടാണ് ശ്രീ. ജോർജ് പ്രവാചകസമാനമായ ധർമ്മരോഷ ത്തോടെ സംഘടിതമതത്തിന്റെ മനുഷ്യത്വരഹിത- കീഴാളവിരുദ്ധ സമീ


പനങ്ങളെ വിമർശിക്കുന്നത്. ഇതോടൊപ്പം ശ്രീ.ജോർജ് ഗാന്ധിയൻ സമീപനത്തെയും കൃത്യമായി മനസ്സിലാക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതായും വ്യക്തമാകുന്നു. വാസ്തവത്തിൽ പരസ്പരപൂരകങ്ങളാണ് ഈ രണ്ടു സമീപനങ്ങളും. 'വികസനം: നിലപാടുകൾ സമീപനങ്ങൾ', 'അയൽക്കൂട്ടസമൂഹദർശനം', എന്നീ ലേഖനങ്ങളിൽ പ്രസ്പഷ്ടമായും, മറ്റു ലേഖനങ്ങളിലെല്ലാം ഒരു ലോലധാരയായും ഈ ഗാന്ധിയൻ നിലപാട് അവയെ കൂട്ടിയിണക്കുന്ന ഒരു ദാർശനികച്ചരടുപോലെ വർത്തിക്കുന്നതായി അനുഭവപ്പെടുന്നു.

ആധുനികകാലഘട്ടത്തെ വ്യത്യസ്തതലങ്ങളിൽ വിശകലനം ചെയ്യുകയും മനുഷ്യന്റെ നവോത്ഥാനത്തെക്കുറിച്ചു പ്രത്യാശ ഉണർത്തുകയും ചെയ്യുന്നു, ഇതിലെ ഓരോ ലേഖനവും. പല നൂതന ആശയങ്ങളും ഉൾക്കാഴ്ചകളും അദ്ദേഹം അവതരിപ്പിക്കുന്നുമുണ്ട്. ഒരു കലാകാരൻ ചിത്രമെഴുതുന്നതുപോലെയാണ് ശ്രീ. ജോർജ് ആശയങ്ങൾ അക്ഷരത്തിലാക്കുന്നത്. വിഷയത്തിന്റെ ഗൗരവത്തിന് അനുയോജ്യമായ ക്യാൻവാസ് തിരഞ്ഞെടുക്കുന്നതിൽ ലേഖകൻ കാണിക്കുന്ന ഔചിത്യവും കൃതഹസ്തതയും എടുത്തുപറയേണ്ടതാണ്.

നവോത്ഥാനചിന്തകളുടെ സമാഹാരമാണ് ഈ ലേഖനങ്ങൾ; ഒരു പ്രബുദ്ധമനസ്സിന്റെ സാമൂഹികപ്രതിബദ്ധതയുടെയും പരിവർത്തനവ്യഗ്രതയുടെയും മുദ്രകൾ പേറുന്നവയാണ് അവ ഓരോന്നും. മാനവരാശിയുടെ വിമോചനം കാംക്ഷിക്കുന്ന ഏവർക്കും ഇവ ചിന്തോദ്ദീപകവും പ്രചോദകവുമായി അനുഭവപ്പെടും എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ ഈ രചനയെ അവർ സർവ്വാത്മനാ സ്വാഗതംചെയ്യുമെന്നും ഞാൻ പ്രത്യാശിക്കുന്നു.

**പ്രൊഫ. ഡോ. എം.പി മത്തായി**
ഗാന്ധിയൻ പഠനവിഭാഗം
മഹാത്മാഗാന്ധി സർവ്വകലാശാല

മിഥുനം 29, 1180
ജൂലൈ 12, 2005



# സമർപ്പണം!

എന്നിൽ ഇടറിയും ചിതറിയും നിന്നിരുന്ന
എല്ലാ അന്വേഷണപാതകളെയും കൂട്ടിയിണക്കി
കണ്ണുകൾക്കു തെളിമയും
കാലുകൾക്കു ദൃഢതയും നൽകിയ
എന്റെ ഗുരുനാഥൻ
**ഡി. പങ്കജാക്ഷക്കുറുപ്പിന്റെ**
നിത്യം വിരാജിക്കുന്ന മൈത്രീഭാവദർശനത്തിനുമുമ്പിൽ
ഈ കൃതി സമർപ്പിക്കുന്നു!



# ഭാവിയിലേക്കു തുറന്ന സംവാദപുസ്തകം

### പരിഷ്കരിച്ച രണ്ടാം പതിപ്പിന്റെ

## അവതാരിക

**ജോസ് റ്റി. തോമസ്**

**നി**രുപാധികസ്നേഹത്തിന്റെ അഭാവംമാത്രമായ ഭയം മനുഷ്യരിൽ ഉണർത്തുന്ന ശത്രുത്വങ്ങളിൽനിന്ന് അൻപിന്റെ ബന്ധുത്വങ്ങളിലേക്കുള്ള യുഗപ്പകർച്ചയുടെ മലയാള വാങ്മയമാണ് ജോർജ് മൂലേച്ചാലിലിന്റെ 'നവോത്ഥാനം നവനാഗരികതയിൽ'.

മനുഷ്യരിൽ സഹജമായുള്ള സാഹോദര്യഭാവത്തെ വിഘടിപ്പിച്ചും വിഘടിതത്തെ പ്രതിലോമപരമായി ഏകോപിപ്പിച്ചും ക്രിസ്ത്യൻ യൂറോപ്പ് ആധുനിക സാമ്രാജ്യവ്യവസ്ഥയ്ക്ക് ഊടും പാവും നെയ്തത് എങ്ങനെയെന്ന് ഈ പുസ്തകം മൗലികമായി കണ്ടെത്തുന്നു; അനീതിയുടെയും അശാന്തിയുടെയും സമ്പദ്ക്രമത്തിനും രാഷ്ട്രീയക്രമത്തിനും ജനമനസ്സുകളിൽ മതസാധൂകരണം ഉണ്ടാവുന്നതെങ്ങനെയെന്നു വെളിപ്പെടുത്തുന്നു; യൂറോപ്യൻ നവോത്ഥാനത്തിന്റെയോ (Renaissance) ജ്ഞാനോദയം എന്നു വികലമായി പരിഭാഷപ്പെടുത്തപ്പെടുന്ന യൂറോപ്യൻ പ്രബുദ്ധതാപ്രസ്ഥാനത്തിന്റെയോ (Enlightenment) കോപ്പി-പേസ്റ്റ് കൊണ്ടു പരിഹൃതമാവുന്നതല്ല, ഭൂമിയിൽ ഒരിടത്തെയും സാമൂഹികപ്രശ്നങ്ങൾ എന്ന് ഓർമ്മപ്പെടുത്തുന്നു. 'അന്യജീവനുതകി സ്വജീവിതം ധന്യമാക്കാൻ' പ്രചോദിപ്പിക്കുന്ന പരാർത്ഥതാബോധത്തിന്റെ വ്യാപനവും ആഴപ്പെടലുംവഴി ലേറ്റസ്റ്റ് നാഗരികതയുടെ കടന്നുപോക്കും (പെസഹ) ആഗോളഗ്രാമ മാനവികതയുടെ ഉയിർപ്പും സംഭവിക്കുകതന്നെ ചെയ്യുമെന്ന, യാഥാർത്ഥ്യബോധം കൈവിടാത്ത, പ്രത്യാശയുടെ സർഗ്ഗവിഭാവനാ പതാക ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു, ഈ ഗ്രന്ഥം.

കേരളത്തിൽ, ഭാരതത്തിൽ, ഏഷ്യയിൽ കാൽകുത്തിനിന്ന് വിശ്വവിശാലതയോളം പരക്കുന്ന ഒരു ദൃഷ്ടിപഥമുണ്ട് ഈ പുസ്തകത്താളുകൾക്ക്. അതിനാൽത്തന്നെ, നേർരേഖയിലുള്ള ഒരു സമർത്ഥനത്തിനു പകരം ചാക്രികവും ഗോളീയവുമായ വിചാരപ്രസരണത്തിന്റെ തനിമയാർന്ന ഒരു രീതിയാണു ഗ്രന്ഥകാരൻ കൈക്കൊള്ളുന്നത്. ഒരധ്യായത്തിനകത്തുതന്നെ കേരളം, ഭാരതം, ലോകം എന്നീ ഭൂപരിഗണനകളിലേക്കും പ്രാചീനം, ആധുനികം, ഉത്തരാധുനികം എന്നീ കാലഘട്ട വിഭജനങ്ങളിലേക്കും വായനക്കാർ മാറിമാറി ആനയിക്കപ്പെട്ടുകൊണ്ടിരിക്കും. ചൂടപ്പംപോലെ വിറ്റ്-അഴിയാൻ വേണ്ട, മലയാള പുസ്തകച്ചന്തയിൽ പ്രചുരപ്രചാരമായ, സ്വരൂപകല്പനയുടെ എല്ലാ പ്രലോഭന

ങ്ങളെയും അദ്ദേഹം ത്യജിച്ചിരിക്കുന്നു. മുദ്രാവാക്യസമാനമായ വാചകമേളകൾക്കു നിന്നുതരുന്നുമില്ല. നടപ്പുസൈദ്ധാന്തികതകളുടെ ദർശനകാപട്യങ്ങളോടു സന്ധിചെയ്യാതെ, സ്വതന്ത്രമായി ചിന്തിക്കുവാൻ ധൈര്യംതോന്നുന്ന മലയാളിക്ക് ഇതു നാളത്തേക്കുള്ള പുസ്തകമാണ്. നാരായണഗുരു, കേസരി, എം. ഗോവിന്ദൻ, റാഫി-സെഫീനാ റാഫി, കെ. ബാലകൃഷ്ണൻ നായർ, പി. കെ. ബാലകൃഷ്ണൻ, നിത്യചൈതന്യ യതി, എസ്. കാപ്പൻ തുടങ്ങിയവരിലൂടെ കടന്ന് അയൽക്കൂട്ടദർശനത്തിന്റെ ഡി പങ്കജാക്ഷനിൽ പുഷ്പിച്ച മലയാള ചിന്താദാർഢ്യത്തിന്റെ തെളിമയെ ഓർമ്മിപ്പിക്കുമാറ്, പുതുതലമുറകളുടെ പുതുയുഗത്തിലേക്കു നമ്മുടെ ജ്ഞാനമാതൃകങ്ങളെ പുതുക്കി കൈമാറുന്ന ഒരു നിയോഗം ഈ പുസ്തകത്തിൽ നിറവേറുന്നതു ഞാൻ കാണുന്നു.

ഗ്രന്ഥകാരൻ തന്റെ 'ഇതരകൃതികൾ' എന്ന പട്ടിക നീട്ടിക്കൊണ്ടിരിക്കുവാൻമാത്രം തൽപരനായ ഒരു എഴുത്താളായിരുന്നെങ്കിൽ ഓരോന്നും ഓരോ പുസ്തകമായി വികസിപ്പിക്കുവാൻ കഴിയുമായിരുന്ന, അദ്ദേഹത്തിന്റെ ഒരു ഡസൻ പുതിയ തിസീസുകളെങ്കിലും ഒറ്റവായനയിൽ നിങ്ങളിതിൽ കണ്ടെത്തും. മാനവ സാമൂഹികപരിണാമത്തെക്കുറിച്ചു സ്വതന്ത്ര എഡിറ്റോറിയൽ റിസർച്ച് നടത്തുന്ന ഒരാളെന്ന നിലയ്ക്ക് എനിക്ക് ഏറ്റവും ശ്രദ്ധേയമായി അനുഭവപ്പെട്ട ചിലത് ഇങ്ങനെയാണ്:

1. യൂറോപ്പിനെ കേന്ദ്രീകരിച്ചുണ്ടായ (Euro-centric) വ്യാവസായിക വ്യവസ്ഥിതിയോട് അനുരൂപമായ ചിന്താപദ്ധതികളുടെ മൂശയിൽ വാർക്കപ്പെട്ടതാണ് ആധുനികമനുഷ്യന്റെ മനസ്സ്. ഒഴുക്കിന്റെ വേഗവും അതിലൊഴുകുന്നവരുടെ വേഗവും ഒന്നുതന്നെ ആയതിനാൽ ആധുനികർ യഥാർത്ഥത്തിൽ നിശ്ചലതയിൽത്തന്നെയാണ്; യാഥാസ്ഥിതികത്വത്തിൽ ത്തന്നെ. അതുകൊണ്ട് നവ-ഉത്ഥാനം സംഭവിച്ചില്ല.

2. അപ്പോൾ ഉത്തരാധുനികത അഥവാ, ആധുനികോത്തരത (Post-modernity)യോ? അതും കൊളോണിയൽ ബോധത്തിൽനിന്നു മുക്തമല്ല.

3. മുഴുവൻ ലോകത്തെയും തങ്ങളുടെ അദൃശ്യമായ വിദൂര നിയന്ത്രണത്തിൻകീഴിൽ കൊണ്ടുവരാൻ തക്കവിധം, അത്ര വ്യാപകവും തൃണമൂലത്തോളം ചെല്ലുന്നതുമായ ഒരു സാംസ്കാരികമേധാവിത്വമാണ് യഥാർത്ഥ ആഗോളനവോത്ഥാനത്തിന്റെ വഴിമുടക്കുന്നത്. യൂറോ-ക്രിസ്തീയതയുടേതാണ് ആ സാംസ്കാരിക വിധായകത്വം. അത് അഴിയുന്നിടത്താണ് വിമോചകമായ നവ-ഉത്ഥാനം.

4. എങ്ങനെയാണ് അത് അഴിയുക? യൂറോ-ക്രിസ്തീയത യേശുവിന്റെ വിമോചനസന്ദേശത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിച്ച സാമ്രാജ്യപൗരോഹിത്യത്തിന്റെ വേദശാസ്ത്രം തിരസ്കൃതമാകണം. ഏഷ്യൻ ഗുരുവായ യേശു മാനവബോധത്തിൽ അടയാളപ്പെടുത്തിയതും നാരായണഗുരു മുതൽ അയൽക്കൂട്ടം പങ്കജാക്ഷൻവരെയുള്ളവരിലൂടെ പ്രയോഗവൽക്കൃതമായതുമായ പരാർത്ഥത എന്ന ആന്തരികതയുടെ അഥവാ

സാമൂഹിക ആധ്യാത്മികതയുടെ (Social Spirituality) ഏകതാബോധം തൽസ്ഥാനത്തു പടരണം. അങ്ങനെ ഏഷ്യൻ പരാർത്ഥതയുടെ വിശ്വബോധം, മേധാവിത്വപരമല്ലാത്ത/ബന്ധുത്വപരമായ ഒരു ജ്ഞാനോദയത്തിന്റെ വിളക്കുമരമാകണം.

ഒരുകാലത്ത് ഏഷ്യയെ തിളക്കിയ ഭാരതം പുതിയ കാലത്തെ ലോകത്തിനു ജ്ഞാനഗുരുവായിത്തീരുന്ന ആ യഥാർത്ഥ സാംസ്കാരികനവോത്ഥാനത്തിന് ഇവിടെയീ കേരളത്തിൽ നാം എന്തു ചെയ്യണം? ജോർജ് മൂലേച്ചാലിലിന്റെ ഉത്തരം യാന്ത്രികമല്ല, ജൈവികമാണ്. ദ്വിമുഖമാണത്:

1. മാനുഷികതയുടെ മൂലസ്രോതസ്സായ ആത്മീയത/ആന്തരികത (Spirituality/ Interiority) ഉദ്ദീപിപ്പിക്കുക. അതിന് ഓരോ മത(ധർമ്മ) സമൂഹത്തിലുമുള്ള പുരോഗമനകാംക്ഷികൾ തങ്ങളുടെ മതത്തിന്റെ (ധർമ്മത്തിന്റെ) ആന്തരചൈതന്യം വീണ്ടെടുക്കുക.

2. പാർട്ടികളും ബഹുജനപ്രസ്ഥാനങ്ങളുമടക്കം എല്ലാ പ്രസ്ഥാനങ്ങളുടെയും ആന്തരികസത്തയെ അവയുടെതന്നെ ബാഹ്യഘടനകൾ (മതങ്ങളെ മതമൗലികവാദങ്ങൾ എന്നപോലെ) ഊറ്റിക്കുടിക്കുന്ന സാഹചര്യത്തിൽ, മതവിരുദ്ധപ്രസ്ഥാനങ്ങളടക്കമുള്ള എല്ലാ പ്രസ്ഥാനങ്ങളിലും സ്ഥാപനങ്ങളിലും അവശേഷിക്കുന്ന ധാർമികമൂല്യബോധത്തെ സംരക്ഷിക്കാനും വളർത്താനുമുള്ള ബോധപൂർവ്വകമായ ശ്രമം നടത്തുക.

'ചൈതന്യം, ബോധം, അവബോധം, ആത്മീയത/ആന്തരികത, ധാർമികമൂല്യപരത-ഇതിലാണ് മൂലേച്ചാലിലിന്റെ ഊന്നൽ. ശാസ്ത്രവാദം, യുക്തിവാദം, ഭൗതികവാദം തുടങ്ങിയവവച്ച് വാദിച്ചുജയിക്കാൻ ആഭിമുഖ്യമുള്ളവർക്കുവേണമെങ്കിൽ, ബോധോദയത്തിന്റെ ഈ സർവോദയത്തെ'ആശയവാദം' എന്നു ടാഗ് ചെയ്തു പടിയടയ്ക്കുക എളുപ്പമാണ്. മൂലേച്ചാലിൽ അവരോടുള്ള സമീപനം ശത്രുതാപരമാക്കുന്നില്ല. അവരുടെ അകക്കണ്ണു തുറപ്പിക്കാൻ സഹിഷ്ണുതാപൂർവ്വം സംവാദാത്മകമായ ശ്രമം നടത്തുന്നു-പല അധ്യായങ്ങളിൽ പല സന്ദർഭങ്ങളിലായി. 'നവോത്ഥാനം നവനാഗരികതയിൽ' ഭാവിക്കായുള്ള ചർച്ചാപുസ്തകമാകുന്നതു പ്രധാനമായും ഈ സംവാദത്തിലൂടെയാണ്. നാലു ഘടകങ്ങൾ ഈ സംവാദത്തിൽ പ്രധാനമാണ്:

1-'ഒന്നും ഒന്നും ഇമ്മിണി ബല്യ ഒന്ന്' എന്ന കാവ്യയുക്തി (മൂലേച്ചാലിൽ അതിനെ യുക്തിയുടെ കാല്പനികത എന്നു വിളിക്കുന്നു) പരിഗണിക്കാതെയുള്ള കേവല ഗണിതയുക്തിമാത്രചിന്തയുടെമേൽ നടത്തുന്ന വിമർശം. 2- ആ ചിന്തയുടെമേൽ പണിയപ്പെട്ട യൂറോപ്യൻ ഭൗതിക - 'ശാസ്ത്രമത'ത്തിന്റെ വിമർശം. 3 - ആ ശാസ്ത്രമതത്തിലുള്ള അന്ധവിശ്വാസത്തിന്മേൽ ഏതാണ്ട് ഒരുപോലെ ഉറപ്പിക്കപ്പെട്ട മുതലാളിത്തത്തിന്റെയും സോഷ്യലിസങ്ങളുടെയും വിമർശം. 4 - ആ രാഷ്ട്രീയ-സാമ്പത്തിക ദർശനങ്ങളുടെമേൽ കെട്ടിപ്പടുത്ത കൊളോണിയൽ പുരോഗമന / വികസന സങ്കല്പങ്ങളുടെ വിമർശം. ഈ നാലു

വിമർശവും അന്തർദേശീയതലത്തിൽ സമീപ പതിറ്റാണ്ടുകളിൽ ഏറെ മുന്നോട്ടുപോയിട്ടുണ്ട്. കേരളത്തിന്റെയും ബാക്കി ഭാരതത്തിന്റെയും കോളനിമനസ്സിൽ അവ വേണ്ടത്ര വിരിഞ്ഞിട്ടില്ലെന്നേയുള്ളൂ.

അക്കാദമീയ ജാർഗണുകളുടെ അതിപ്രസരംകൂടാതെയും ഗ്രന്ഥങ്ങളുടെയും ഗ്രന്ഥകാരന്മാരുടെയും പേരുകളുടെ പടക്കംപൊട്ടിക്കൽകൊണ്ടു സാധാരണ വായനക്കാരെ ഭയപ്പെടുത്താതെയും ലളിതമനോഹര മലയാളത്തിൽ മൂലേച്ചാലിൽ താൻപോരിമയുള്ള ശൈലിയോടെ ഈ വിമർശങ്ങൾ ഒതുക്കി അവതരിപ്പിക്കുന്നു. ആ വിമർശങ്ങളുടെ ബലം സമീപനൂറ്റാണ്ടുകളിലെ കേരളനവോത്ഥാനചരിത്രം വിലയിരുത്താൻ ഉപയോഗിക്കുന്നിടത്താണ് അദ്ദേഹത്തിന്റെ ഏറ്റവും മൗലികമായ അന്വേഷണ ഫലങ്ങളിലൊന്നു പുറത്തുവരുന്നത് (രണ്ടാം അദ്ധ്യായത്തിലെ, 'പുരോഗമനപ്രസ്ഥാനങ്ങൾ, പ്രതിലോമധർമ്മങ്ങൾ' എന്ന ഖണ്ഡം). ആരോടും പകയില്ലാതെ അദ്ദേഹം എഴുതുന്നു:

'നമ്മുടെതന്നെ ദാർശനിക സാംസ്കാരികപശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ശ്രീനാരായണഗുരു ഒരു ആധ്യാത്മികവിപ്ലവത്തിന് അടിത്തറ പാകിയത്... എന്നാൽ, കേരള സാംസ്കാരികനവോത്ഥാനത്തിന്റെ രണ്ടാം ഘട്ടമെന്നും മൂന്നാം ഘട്ടമെന്നും വിശേഷിപ്പിക്കപ്പെടുന്ന ദേശീയ പ്രസ്ഥാനത്തിന്റെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും ഉള്ളടക്കം സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം, അവ നവോത്ഥാനപ്രക്രിയയുടെ സ്വാഭാവികമായ തുടർച്ചയല്ലെന്നു പറയേണ്ടിവരും... ശ്രീനാരായണ പ്രസ്ഥാനം ഉഴുതുമറിച്ചു പാകപ്പെടുത്തിയ കേരളമനസ്സിൽ തുടർന്നങ്ങോട്ടു വിതയ്ക്കപ്പെട്ടതു കൂടുതലും പാശ്ചാത്യ ലിബറൽ-സോഷ്യലിസ്റ്റ് ആശയങ്ങളായിരുന്നു... ഒരുപക്ഷേ, കേരളനവോത്ഥാനത്തിന്റെ ശക്തമായ അലകൾ മന്ദീഭവിച്ചതിനുള്ള മുഖ്യ ഉത്തരവാദിത്വം അതിന്റെ തന്നെ ഉണർവുകളെ മൂലധനമാക്കി ഇവിടെ വളർന്നുവന്ന പാശ്ചാത്യ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിനായിക്കൂടെന്നില്ല.'

നോക്കൂ, ഒരു തിസീസിന്റെ സമർത്ഥനത്തിനു വേണ്ടതെല്ലാം ഒരുക്കിവച്ചിട്ടും, ചിലർക്കു വെറും ഹൈപ്പോതീസിസ് എന്നുപറയാൻപോലും ഇടംകൊടുക്കുന്ന, സംവാദാത്മകമായ സൗമ്യഭാഷണം. മനുഷ്യപ്പറ്റില്ലാത്ത ചിന്താപദ്ധതികളെയും കർമ്മക്രമങ്ങളെയും വിമർശവിധേയമാക്കുമ്പോൾ ആദ്യന്തം മൂലേച്ചാലിൽ പാലിക്കുന്ന ആർദ്രതയാണത്. ഭൗതികേതരം എന്നു ഭൗതികവാദക്കാർ പറയുന്ന 'ആത്മാവിനെ' തൊടുന്ന ആർദ്രത. ഈ ആന്തരികത വീണ്ടെടുക്കുക, ഊതിത്തെളിക്കുക, പൊലിപ്പിക്കുക എന്നത് പുസ്തകപ്രമേയമാവുമ്പോൾ, സ്വന്തം ഭാഷാശൈലികൊണ്ട് അതു സാധൂകരിക്കാൻ (ഒരർത്ഥത്തിൽ സാക്ഷാത്കരിക്കാൻ) ആത്മബോധമുള്ള എഴുത്താളുകൾ സ്വയംപ്രേരിതരാവുകയല്ലേയുള്ളൂ. ശത്രുതാപരമായ വിമർശനങ്ങളുടെ (criticism) കാലുഷ്യത്തിൽനിന്ന് അവരുടെ വിമർശം (critique) സംവാദസ്ഥലികളെ വിമോചി

പ്പിക്കുന്നു.

ചുരുക്കത്തിൽ, വൈകുണ്ഠസ്വാമിയിലും ശ്രീനാരായണഗുരുവിലും പൊയ്കയിൽ അപ്പച്ചനിലുമെല്ലാം സാമൂഹികാധ്യാത്മികത ആയി തുടങ്ങിയതും അയ്യങ്കാളിയിലും സഹോദരൻ അയ്യപ്പനിലും സാമ്പത്തിക-രാഷ്ട്രീയരൂപം കൈവരിച്ചതും അയൽക്കൂട്ടം പങ്കജാക്ഷനിലൂടെ ക്വാണ്ടംകുതിപ്പു നടത്തിയതുമായ ആന്തരികപരിവർത്തനമാർഗം. നാടനും വിദേശിയുമായ എല്ലാ തത്ത്വശാസ്ത്രങ്ങളെയും വേദശാസ്ത്രങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും യൂറോപ്യൻ ജാക്കറ്റിട്ട സാമൂഹികശാസ്ത്രങ്ങളെയും അതിശയിച്ചുനിൽക്കുന്ന 'അൻപേ ദൈവ'ബോധത്തിന്റെ സാമൂഹിക ആധ്യാത്മികതതന്നെയാണ്, ക്ഷണഭംഗുരമോ ഉപരിപ്ലവമോ ആകാത്ത ഈ ഭാവിവിപ്ലവം. അതാണ് ഈ പുസ്തകം മുന്നോട്ടുകാണുന്ന നവോത്ഥാനം; നിത്യനൂതനോത്ഥാനം. 'ആധുനിക'നാഗരികത എന്നതിന്റെ പര്യായമായിനിന്ന 'നവ'നാഗരികതയ്ക്കുപകരം, തുല്യമനുഷ്യമഹത്വത്തിന്റെ പുതിയൊരു ഏകലോകഗ്രാമ്യതയിലേക്കു നയിക്കുന്ന പുതുമാനുഷരുടെ ഉണർച്ചയാണത്.

അവർ വന്നുകൊണ്ടിരിക്കുന്നു എന്നു വിശ്വസിക്കുന്ന ആളാണു ഞാൻ. 'വർത്തമാനം' എന്നു പറഞ്ഞു നിർത്തുംമുമ്പേ ആ വർത്തമാനം ഭൂതമാകുന്നതുപോലെ, ഭാവി എന്നു പറഞ്ഞു നിർത്തുംമുമ്പേ ആ ഭാവി വർത്തമാനയാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട്, മതങ്ങളുടെ പുനഃപരിശോധനയിലൂടെ സാമൂഹിക ആത്മീയതയുടെ വീണ്ടെടുപ്പ് എന്ന അജണ്ട ഈ ആലോചനാപുസ്തകം മുന്നോട്ടുവയ്ക്കുമ്പോൾ, ഉട്ടോപ്യൻ എന്നത് അതിനൊരു ആക്ഷേപമല്ല, പ്രശംസയാണ്. വേറൊരു ലോകം സാധ്യമാണ് (possible) എന്ന മുദ്രാവാക്യം മൂന്നു പതിറ്റാണ്ടുമുമ്പ് ഉയർന്നെങ്കിൽ, അതു സംഭവ്യമാണ് (probable) എന്ന് ഈ സഹസ്രാബ്ദത്തിന്റെ തുടക്കം വെളിപ്പെടുത്തി. ഇപ്പോൾ ഉട്ടോപ്യ ഒരു യാഥാർത്ഥ്യമായി വെളിപ്പെടുന്നു. ഈ വെളിവിൽ (revelation) കുറഞ്ഞ തെളിവ് (evidence) തിരഞ്ഞുപോകാൻ അസ്മാദൃശർ സ്വയം ഭാരപ്പെടുത്തുന്നില്ല. പുതുതലമുറകളിലെ പുതുമനുഷ്യരുടെ ജീവിതസാക്ഷ്യത്തിൽക്കവിഞ്ഞ ഒരു തെളിവ് ആർക്കാണു കൊണ്ടുവരാൻ കഴിയുക!

ആ വെളിവിന്റെ തെളിവ് ശുദ്ധമലയാളത്തിൽ ജോർജ് മൂലേച്ചാലിൽ ഇങ്ങനെ ഒരു ഖണ്ഡികയിൽ ഒതുക്കുന്നു: 'ഇന്നത്തെ ലോകവീക്ഷണത്തിൽനിന്നു നോക്കുമ്പോൾ, ഇതെല്ലാം വെറും സ്വപ്നമോ ഭാവനാസൃഷ്ടിയോ ആണെന്നു തോന്നുമെന്ന കാര്യത്തിൽ സംശയമില്ല. എങ്കിലും ഇന്നത്തെ അവസ്ഥ തുറന്നു കാണുവാൻ തയ്യാറാവുന്ന ആരും, ഭാവിസമൂഹത്തെപ്പറ്റിയുള്ള ഈ ഭാവന യാഥാർത്ഥ്യമായിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കാതിരിക്കില്ല. ഈ ആഗ്രഹത്തെ ആവശ്യബോധമായും ഇച്ഛാശക്തിയായും വളർത്തിയെടുക്കുന്നപക്ഷം, ആ ദിശയിൽ പുതിയ വഴികൾ തെളിക്കാൻ മനുഷ്യനു കഴിയുകതന്നെ ചെയ്യും. വെട്ടിയിട്ടിരി

ക്കുന്ന അതിവിശാലമായ ഒരു പാതയിലൂടെ അതിവേഗം പാഞ്ഞു കൊണ്ടിരിക്കുമ്പോൾ മറ്റൊരു വഴിയെപ്പറ്റി ആലോചിക്കുവാൻപോലും എളുപ്പമല്ല എന്നതാണു പ്രശ്നം. മനുഷ്യനിപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന വികസനപാത അവനെ നയിക്കുന്നത് സർവ്വവിനാശത്തിന്റേതായ ഒരു അഗാധഗർത്തത്തിലേക്കാണ് എന്ന അവബോധമുണ്ടാകുന്നതിനനു സരിച്ച് വിവേകശാലികൾ ഈ ഓട്ടത്തിന്റെ വേഗം കുറയ്ക്കുകയും അല്പമൊന്നു നിന്നു മനുഷ്യനു സുരക്ഷിതമായ വേറെ വഴിയുണ്ടോ എന്നന്വേഷിക്കുകയും ചെയ്യും. അങ്ങനെ പുതിയ വഴികൾ ക്രാന്തദർശി ത്വത്തോടെ ഭാവനചെയ്യാനും അവ വെട്ടിത്തെളിക്കാനുമുള്ള മനുഷ്യന്റെ സ്വതസിദ്ധമായ കഴിവാണ് അവനെ എന്നും നിലനിർത്തിയിട്ടുള്ളതും, തുടർന്നും നിലനിർത്താൻ പോകുന്നതും' (പേജ്: 60). അതെ, ചരിത്രം സൂംഔട്ട് ചെയ്തു പറഞ്ഞാൽ, മനുഷ്യർ പ്രോബ്ളം സോൾവ് ചെയ്യു ന്നവർ.

'അർക്കാനലാദി വെളിവൊക്കെ ഗ്രഹിക്കുമൊരു കണ്ണിന്നു കണ്ണു മന മാകുന്ന കണ്ണു'തുറന്നുള്ള കാഴ്ച* തരുന്ന ഈ തെളിമയുടെ പുസ്ത കം, പുതിയ ലോകവീക്ഷണത്തോടെ ഭാവികേരളത്തെയും ഭാവിഭാരത ത്തെയുംകുറിച്ചു സ്വതന്ത്രമായും സർഗാത്മകമായും ചർച്ചചെയ്യാൻ ഭയപ്പെടാത്ത എല്ലാ മലയാളികൾക്കുമായി ഞാനിവിടെ സവിനയം തുറന്നുവയ്ക്കുന്നു.

**ജോസ് ടി. തോമസ്**
വൃത്താന്തം, അമലഗിരി

---

*അർക്കൻ (സൂര്യൻ), അനിലൻ (അഗ്നി) എന്നിങ്ങനെയുള്ള ബാഹ്യ വെളിച്ചങ്ങളെല്ലാം കാണുന്ന പുറംകണ്ണിനു കണ്ണായി മനം; വീണ്ടും, അകക്കണ്ണിനെ കാണുന്ന കണ്ണായി, അറിവായി, 'ഞാൻ'. ഹരിനാമകീർ ത്തനത്തിലെ എഴുത്തച്ഛന്റെ ഈ ജ്ഞാനദർശനം നവമായി ഉത്ഥാനം ചെയ്തതാണ് ശ്രീനാരായണഗുരുവിന്റെ 'അറിവ്'. അതു തുല്യമനുഷ്യ മഹത്വത്തിന്റെ ആദിപ്രമാണമായിത്തീരുന്നു.

**You've Just Finished your Free Sample**

**Enjoyed the preview?**

**Buy: http://www.ebooks2go.com**